**<u>കരാർ വ്യവസ്ഥകൾ - കോൺട്രാക്ട് അടിസ്ഥാനത്തിൽ ഇന്നോവ കാർ ഏർപ്പെടുത്തുന്നത് സംബന്ധിച്ച്.</u>**

**<u>Tender Ref. No.TELK/C&M/HR/CAR/117/2016</u>**

1. ഒരു ഇന്നോവ കാറും ഡ്രൈവറും നൽകുന്നതിനാണ് കരാർ. കാർ കുറഞ്ഞത് 2500 CCയോ അതിൽ കൂടുതലോ ആയിരിക്കണം.

2. കാർ 2010നു ശേഷം നിർമ്മിച്ചതും എ.സി, ആർസി ബുക്ക്, ഓൾ കേരള ടാക്സി പെർമിറ്റ് എന്നിവ തീർച്ചയായും ഉള്ളതുമായിരിക്കണം.

3. കരാർ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ കാറിന് തേർഡ് പാർട്ടി ഇൻഷ്വറൻസ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതും വീഴ്ച കൂടാതെ അത് പുതുക്കേണ്ടതുമാണ്.

4. കാറിന്റെ അറ്റകുറ്റ പണികൾക്കോ ഇന്ധന ചിലവിനോ മറ്റ് എന്തെങ്കിലും തേയ്മാനങ്ങൾ മൂലമുള്ള ചിലവുകളോ അപ്രതീക്ഷിതമായി ഉണ്ടാകുന്ന ചിലവുകളോ ടെൽക്ക് വഹിക്കുന്നതല്ല.

5. പാർക്കിംഗ് ചാർജ്ജ്, ടോൾ ചാർജ്ജ്, പ്രവേശന ഫീസ് എന്നിവ കരാറുകാരൻ വഹിക്കേണ്ടതും രസീത് ഹാജരാക്കുന്ന മുറയ്ക്ക് ആയത് കമ്പനി തിരിച്ചു നൽകുന്നതുമാണ്.

6. കരാർ കാലാവധി 3 മാസത്തേക്ക് ആയിരിക്കുന്നതും ടെൽക്കിന് സേവനം ആവശ്യമില്ലാത്ത പക്ഷം 24 മണിക്കൂർ നോട്ടീസ് നൽകിയോ അല്ലെങ്കിൽ അതിന് ആനുപാതികമായ തുക നൽകിയോ കരാർ അവസാനിപ്പിക്കുന്നതാണ്. കമ്പനിക്ക് സേവനം തൃപ്തികരമാണെങ്കിൽ വീണ്ടും 9 മാസത്തേക്ക് കരാർ നീട്ടി പുതുക്കുന്നതാണ്.

7. എ.സി. പ്രവർത്തനക്ഷമമായിരിക്കേണ്ടതും കരാർ കാലാവധിയുടനീളം എല്ലാ യാത്രകളിലും പ്രവർത്തിപ്പിക്കേണ്ടതുമാണ്. കാർ എ.സി. യ്ക്ക് തകരാർ സംഭവിക്കുന്നപക്ഷം പ്രതിദിനം 500 രൂപ വീതം കുറയ്ക്കുന്നതുമാണ്.

8. സാധാരണഗതിയിൽ എല്ലാ ദിവസവും രാവിലെ 8 മണിക്ക് അങ്കമാലിയിലെ ടെൽക്കിലോ അല്ലെങ്കിൽ സമയാസമയങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റ് സ്ഥലങ്ങളിലോ (ടെൽക്കിൽ നിന്ന് 20.കി.മി. ദൂരപരിധി) റിപ്പോർട്ട് ചെയ്യേണ്ടതും രാത്രി 8 മണി വരെ ജോലി തുടരേണ്ടതുമാണ്.

9. ഓരോ ദിവസത്തിന്റേയും തുടക്കത്തിലും അവസാനത്തിലും മീറ്റർ റീഡിംഗ് കമ്പനി പരിശോധിക്കുന്നതും HR ഡിപ്പാർട്ട്മെന്റിൽ നിന്നും അനുമതി ലഭിച്ചതിനുശേഷം മാത്രമേ സാധാരണ മണിക്കൂറുകളിൽ അധികമായി ജോലി ചെയ്യുവാൻ അനുവദിക്കുകയുമുള്ളു.

10. കമ്പനിയ്ക്ക് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ ഒരു ലോഗ് ബുക്ക് ഡ്രൈവർ സൂക്ഷിക്കേണ്ടതും ദിനം പ്രതി അത് പുതുക്കി സൂക്ഷിക്കേണ്ടതു മാണ്. എല്ലാ ദിവസവും റിപ്പോർട്ട് ചെയ്യുന്ന സമയത്തും ലോഗ് ബുക്ക്

TRANSFORMERS & ELECTRICALS KERALA LIMITED ANGAMALLY PIN-683 573

1 of 3

പരിശോധിക്കുന്നതുമാണ്. ആഴ്ചയിൽ ഒരിക്കൽ (തിങ്കൾ) ഓഫീസർ ഇൻ ചാർജ്ജ് ലോഗ് ബുക്ക് നിർബന്ധമായും പരിശോധിക്കുന്നതുമാണ്.

11. രാവിലെ 8 മണി മുതൽ വൈകിട്ട് 8 മണിവരെയുള്ള സമയത്തിന് പുറമേയുള്ള ഓരോ മണിക്കൂറിനും 200 രൂപ വീതം അധികം നൽക്കുന്നതാണ്. അധിക സമയം കണക്കാക്കുമ്പോൾ ഭാഗീക മണിക്കൂറുകൾ ഒഴിവാക്കുന്നതാണ്.

12. ഒരു ദിവസത്തെ ഉയർന്ന ദൂരപരിധി 80 കി.മി. ആണ്. ഇതിനു പുറമേ വരുന്ന ഓരോ കി.മി. നും 15 രൂപ വീതം കമ്പനി നൽകുന്നതാണ്.

13. നിർദ്ദേശിച്ചിരിക്കുന്ന സമയത്ത് കമ്പനിയിലോ നിർദ്ദേശിക്കപ്പെട്ട മറ്റ് സ്ഥലങ്ങളിലോ റിപ്പോർട്ട് ചെയ്യാത്ത പക്ഷം (കാറോ ഡ്രൈവറോ രണ്ടും കൂടിയോ) കരാറുകാരനിൽ നിന്ന് ഓരോ മണിക്കൂറിനും 200 രൂപ വീതം കമ്പനി കുറയ്ക്കുന്നതാണ്. ട്രിപ്പുകൾ ഏറ്റെടുക്കാൻ വിസമ്മതിക്കുന്നതും റിപ്പോർട്ട് ചെയ്യാത്തതായി കണക്കാക്കുന്നതാണ്.

14. പ്രതിഫല വ്യവസ്ഥ : ഒരു കാരണവശാലും മുൻകൂട്ടി പ്രതിഫലം നൽകുന്നതല്ല. കരാറുകാരൻ എല്ലാ മാസാവസാനവും ബില്ലുകൾ HR ഡിപ്പാർട്ട്മെന്റിൽ സമർപ്പിക്കേണ്ടതും ബില്ലുകൾ സ്വീകരിച്ചതിനു ശേഷം 20 ദിവസത്തിനുള്ളിൽ അനുവദനീയമായ ബിൽ തുക നൽകുന്നതുമാണ്.

15. ഓഫീസർ ഇൻ ചാർജ്ജ്: മാനേജർ (HR) ആയിരിക്കും കരാറിന്റെ ഓഫീസർ ഇൻ ചാർജ്ജ്.

16. ജോലി നിയമങ്ങൾ : കാറിന് തകരാറോ മറ്റ് എന്തെങ്കിലും പ്രശ്നങ്ങൾ വരുന്ന പക്ഷം ഓരോ മണിക്കൂറിനും 200 രൂപ വീതം പിഴ ചുമത്തുന്നതായിരിക്കും. കൂടാതെ കരാറുകാരൻ 24 മണിക്കൂറിനുള്ളിൽ കാറും ഡ്രൈവറും നൽകേണ്ടതുമാണ്. 24 മണിക്കൂറിനുള്ളിൽ തകരാർ പരിഹരിച്ചില്ലെങ്കിൽ പിഴ ഇരട്ടിയായി (400 രൂപ) ഈടാക്കുന്നതാണ്. (ഈ വ്യവസ്ഥ കരാർ പ്രകാരമുള്ള സാധാരണ സമയത്തിന് ബാധകമാണ്)

17. എന്തെങ്കിലും കാരണത്താൽ ഡ്രൈവർ ഇല്ലാതിരുന്നാലും ഓരോ മണിക്കൂറിനും 200 രൂപ വീതം പിഴ ചുമത്തുന്നതായിരിക്കും. കൂടാതെ കരാറുകാരൻ പകരം ഡ്രൈവറിനെ നൽകേണ്ടതാണ്. 24 മണിക്കൂറിനുള്ളിൽ ഡ്രൈവർ ഹാജരാകാതിരുന്നാൽ പിഴ ഇരട്ടിയായി (400 രൂപ) ഈടാക്കുന്നതാണ്. (ഈ വ്യവസ്ഥ കരാർ പ്രകാരമുള്ള സാധാരണ സമയത്തിന് ബാധകമാണ്)

18. സമയാസമയങ്ങളിൽ ടെൽക്ക് നിർദ്ദേശിച്ചിരിക്കുന്ന നിയമങ്ങളും ചട്ടങ്ങളും സുരക്ഷാ നിയമങ്ങളും പെരുമാറ്റ ചട്ടങ്ങളും കരാറുകാരൻ പാലിക്കേണ്ടതാണ്.

19. ടെൻഡറിൽ പറഞ്ഞിരിക്കുന്ന മാസ പ്രതിഫലം കരാർ കാലയളവിൽ (3 മാസം + 9 മാസം) പുതുക്കുന്നതല്ലാത്തതും നിലവിലുള്ള കരങ്ങളും മറ്റ് സർക്കാർ കരവും ചുങ്കങ്ങളും ഈ തുകയിൽ ഉൾപ്പെടുത്തുന്നതുമല്ല. മറ്റ് എല്ലാ ചാർജ്ജുകളും കരാറുകാലയളവിൽ സ്ഥിരമായി കരുതാവുന്നതാണ്.

TRANSFORMERS & ELECTRICALS KERALA LIMITED
ANGAMALLY
PIN-683 573

20. ഈ കരാറു പ്രകാരം പരമാവധി 3 ഡ്രൈവർമാരേയേ അനുവദിക്കുകയുള്ളു. കൂടാതെ കമ്പനി അറിയിക്കുന്നപക്ഷം കാരണങ്ങളോടുകൂടിയോ അല്ലാതയോ ഏതൊരു ഡ്രൈവറിനേയും കരാറുകാരൻ ഒഴിവാക്കേണ്ടതാണ്.

21. ആനുകൂല്യങ്ങളോ ചെലവാക്കിയ തുകയോ ഡ്രൈവർ ബാറ്റയോ അധികമായി അവകാശപ്പെടാൻ പാടുള്ളതല്ല. എന്നിരുന്നാലും ഡ്രൈവർക്ക് സ്ഥിരജോലിക്കാരുടേതല്ലാത്ത നിരക്കിൽ കമ്പനി കാന്റീനിൽ നിന്ന് ഭക്ഷണം കഴിക്കാവുന്നതാണ്.

22. ഭരണനിയമങ്ങൾ : ഈ കരാറിനുള്ളിൽ ഏതെങ്കിലും വിധേനയുള്ള തർക്കങ്ങൾ ഉണ്ടാകുന്ന പക്ഷം ഇരു കക്ഷികളും എറണാകുളം കോടതിയുടെ നിയമ പരിധിയിൽ സമർപ്പിക്കേണ്ടതാണ്.

23. കരാറുകാരന്റെ ഭാഗത്തു നിന്നുള്ള ഏതെങ്കിലും പ്രവർത്തിയോ വീഴ്ചകളോ മൂലം ടെൽക്കിനോ മറ്റ് മൂന്നാം കക്ഷികൾക്കോ എന്തെങ്കിലും നഷ്ടമോ തകരാറോ ഉണ്ടാകുന്ന പക്ഷം നഷ്ടപരിഹാരം കരാറുകാരൻ തന്നെ നൽകേണ്ടതാണ്.

24. വിശ്വാസ്യത : കരാർ കാലയളവിൽ ഇരു കക്ഷികളും വിശ്വാസ്യത നിലനിർത്തേണ്ടതാണ്.

25. കരാറിന്റെ ഏതെങ്കിലും ഭാഗമോ കരാർ നടത്തിപ്പിനോ കരാറുകാരൻ മറ്റൊരു വ്യക്തിയുമായി ഉപകരാറിൽ ഏർപ്പെടാൻ പാടുള്ളതല്ല.

TRANSFORMERS & ELECTRICALS KERALA LIMITED
ANGAMALLY
PIN-683 573